**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2919** — **15.12.2015 ൽ മറുപടിയ്ക്ക്**

**ശ്രീമതി.കെ.എം.പത്മിനിയുടെ സർവ്വീസ് റഗുലറൈസേഷൻ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ. | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) കുത്താളി വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ എഫ്.റ്റി.സി.എം ശ്രീമതി കെ.എം.പത്മിനിയുടെ സർവ്വീസ് റഗുലറൈസേഷൻ സംബന്ധിച്ച 35357/2014/എൻ1/പൊ.വി ഫയലിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;<br><br>(ബി) ഇത് സംബന്ധിച്ച് ഡി.പി.ഐ യിൽ നിന്ന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ എപ്പോഴാണ് റിപ്പോർട്ട് ലഭിച്ചത് എന്ന് അറിയിക്കുമോ;<br><br>(സി) പ്രസ്തുത അപേക്ഷയിന്മേൽ കാലതാമസം ഒഴിവാക്കി ശ്രീമതി കെ.എം.പത്മിനിയുടെ സർവ്വീസ് റഗുലറൈസേഷൻ നടത്തി ഉത്തരവ് പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ? | (എ) (ബി) & (സി) കൂത്താളി വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ എഫ്.റ്റി.സി.എം ശ്രീമതി. കെ.എം.പത്മിനിയുടെ സർവ്വീസ് റഗുലറൈസേഷൻ സംബന്ധിച്ച വിഷയം 35357/2014/എൻ1/പൊ.വി ഫയലിൽ സർക്കാർ പരിശോധിച്ചു വരുന്നു. ശ്രീമതി.കെ.എം.പത്മിനിക്ക് 01.07.2002 മുതൽ മാത്രം നിയമനാംഗീകാരം നൽകുവാനുള്ള കാരണവും ടിയാൾ 31.03.1992 മുതൽ 30.06.2002 വരെ റഗുലർ തസ്തികയിൽ ജോലി ചെയ്തിരുന്നുവോ എന്നും 30.03.1992 ലെ അംഗീകൃത മാനേജർ ആരാണെന്ന് വ്യക്തമാക്കുവാനും ടിയാളുടെ സർവ്വീസ് ബുക്ക് ലഭ്യമാക്കുവാനും പൊതു വിദ്യാഭ്യാസ ഡയറക്ടറോട് 10.12.2014 ലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു. ഇത് സംബന്ധിച്ച പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് 10.12.2015 ൽ പൊതു വിദ്യാഭ്യാസ (എൻ) വകുപ്പിൽ ലഭ്യമായിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീമതി പത്മിനിയുടെ സർവ്വീസ് റഗുലറൈസ് ചെയ്യുന്ന വിഷയം പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ